# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.10/905/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 23/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുല്ലമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.10/905/2022 തീയ്യതി: 23/06/2022

## തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി,മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ്ബാബു.ബി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.തനൂജ.എം.എൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സീന.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അസീനാ ബീവി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ പി.വി രാജേഷ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ സന്തോഷ്കുമാർ.റ്റി | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.യമുന.എസ് | കൃഷി ഓഫീസർ | 01-04-2020 | 05-10-2020 |
| ഡോ.നീന ലെനിൻ | കൃഷി ഓഫീസർ | 06-10-2020 | 21-12-2020 |
| ശ്രീമതി.പമീല വിമൽരാജ് | കൃഷി ഓഫീസർ | 22-12-2020 | 11-01-2021 |
| ശ്രീമതി .അഥീന രാം | കൃഷി ഓഫീസർ | 12-01-2021 | 18-02-2021 |
| ശ്രീമതി. പ്രിയ ദിനേഷ് | കൃഷി ഓഫീസർ | 19-02-2021 | 31-03-2021 |
| ഡോ.ബീന.എം | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 21-02-2021 |
| ഡോ.സൗമ്യ ശശിധരൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 22-02-2021 | 31-03-2021 |
| ശ്രീമതി.വിജയകുമാരി | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-05-2020 |
| ശ്രീമതി. മായ.ആർ. | ഹെഡ് മിസ്ട്രസ് | 01-06-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ.ഡി | വി.ഇ.ഒ 1 | 01-04-2020 | 18-01-2021 |
| ശ്രീമതി.ചിത്ര.കെ.ആർ | വി.ഇ.ഒ 1 | 19-01-2021 | 31-03-2021 |
| ശ്രീ.രാജേഷ്.ആർ | വി.ഇ.ഒ 2 | 01-04-2020 | 31-03-2021 |
| ശ്രീമതി.ദീപ്തി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.വിജയൻ.എം | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.അനന്തു.എസ്.നായർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രജനി | അസി.എഞ്ചിനീയർ | 01-04-2020 | 01-07-2020 |
| ശ്രീമതി.രശ്മി.പി.നായർ | അസി.എഞ്ചിനീയർ | 02-07-2020 | 31-03-2021 |
| ഡോ.ബൈജു.കെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.നിജു.എം.എൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.മരിയ.എം.ബോബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-1 |
| 2 | ബജറ്റ് -അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 15-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-2 |
| 4 | അക്കൗണ്ട്സ് പരിശോധനയിൽ കണ്ട അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-06-2022) | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-3-1 |
| 7 | പദ്ധതി അവലോകനം<br>Written By: Zeena K (Senior Grade Auditor, On 30-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-06-2022) | 1-4 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-06-2022) | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-5-1 |
| 10 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം<br>Written By: THANUJA M.N. (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 1-5-2 |
| 11 | ക്യാഷ് പരിശോധന<br>Written By: THANUJA M.N. (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-06-2022) | 1-6 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Mary Andrews (Audit Officer, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 16-06-2022) | 1-7 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Suresh Babu B (Senior Grade Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 20-06-2022) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: THANUJA M.N. (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-9 |
| 15 | വസ്തുനികുതി<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-10 |
| 16 | വാണിജ്യസ്ഥാപനങ്ങളുടെ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-06-2022) | 1-11 |
| 17 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12 |

| | | |
|---|---|---|
| | Written By: Zeena K (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | |
| 18 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Zeena K (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-13 |
| 19 | പഞ്ചായത്ത് പരിധിയിലില്ലാത്ത സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു<br>Written By: Zeena K (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-14 |
| 20 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല<br>Written By: Zeena K (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-15 |
| 21 | കാർഷികമേഖല- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-16 |
| 22 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ- അധികമായി പിൻവലിച്ച- 6000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Mary Andrews (Audit Officer, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-17 |
| 23 | EMS ഭവനപദ്ധതി - പദ്ധതി തുക തിരിച്ചടച്ചിട്ടില്ല<br>Written By: Mary Andrews (Audit Officer, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-18 |
| 24 | കരാർ അടിസ്ഥാനത്തിൽ വാഹനം വാങ്ങൽ- അപാകതകൾ<br>Written By: Zeena K (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-06-2022) | 1-19 |
| 25 | വാഹനത്തിനായി വകയിരുത്തിനെക്കാളും തുക ചെലവഴിച്ചു<br>Written By: Zeena K (Senior Grade Auditor, On 31-05-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-06-2022) | 1-20 |
| 26 | നാപ്കിൻ വെൻഡിംഗ് മെഷീൻ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Mary Andrews (Audit Officer, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-21 |
| 27 | സ്നേഹ സ്പർശം-അവശേഷിച്ച ബ്ലോക്ക് വിഹിതം തിരികെ അടയ്ക്കേണ്ടതാണ്.<br>Written By: Mary Andrews (Audit Officer, On 01-06-2022)<br>Last Updated By: K Sreeja (Deputy Director, On 23-06-2022) | 1-22 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 01-06-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 21-06-2022) | 1-23 |
| 29 | മരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും- അവലോകനം<br>Written By: Suresh Babu B (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-24 |
| 30 | പ്രവൃത്തികളുടെ പൂർത്തീകരണത്തോടടുത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി - പൊതുമരാമത്ത് വകുപ്പ് മാന്വൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Suresh Babu B (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-25 |
| 31 | റോഡ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിക്കാതെ നിർവഹിക്കുന്നു<br>Written By: Suresh Babu B (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-26 |
| 32 | ഏറ്റെടുത്ത സ്പിൽ ഓവർപ്രോജക്ടുകൾ പൂർത്തീകരിച്ചിട്ടില്ല.<br>Written By: Suresh Babu B (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-27 |
| 33 | മുത്തിപ്പാറ ഓട നിർമ്മാണം- എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ-<br>Written By: Suresh Babu B (Senior Grade Auditor, On 01-06-2022) | 1-28 |

| | | |
|---|---|---|
| | Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | |
| 34 | ശാസ്ത്രാം കരിക്കകംനട ഓട നിർമ്മാണം-പ്രവൃത്തി നിർവഹണത്തിൽ അധികച്ചെലവ്<br>Written By: Suresh Babu B (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 31-05-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 4- 2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 01-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Mary Andrews (Audit Officer, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 17-06-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 01-06-2022)<br>Last Updated By: Mary Andrews (Audit Officer, On 01-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: THANUJA M.N. (Senior Grade Auditor, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mary Andrews (Audit Officer, On 01-06-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 18-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണസമിതിയുടെ ജനറൽ കമ്മിറ്റി 24.03.2020ലെ തീരുമാനം 1(1) പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 207468484 /രൂപ വരവും, 198326128 /- രൂപ ചെലവും 9142356 /- രൂപ നീക്കിയിരിപ്പും ഉള്ള ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബജറ്റ് -അപാകങ്ങൾ

1.ബജറ്റ് രൂപീകരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിച്ചില്ല.വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ഇതുമായി ബന്ധപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.29/31.05.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

2.പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല:-02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

3. വാർഷിക അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

4. 2020-21 ബജറ്റ്,പുതുക്കിയ ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്.വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ്ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തുനികുതി | 3000000 | 854593 |

| | | | | |
|---|---|---|---|---|
| 2 | 1102001 | തൊഴിൽനികുതി | 1000000 | 737000 |
| 3 | 1103501 | പ്രദർശനനികുതി | 10000 | 0 |

ബി) ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1. | 2501055 | Seabass Farming -Pisciculture | 3996000 | - |
| 2. | 2501011 | Agriculture And Related Sectors-vegetables | 1175083 | - |
| 3. | 2501019 | Agriculture And Related Sectors-Pepper | 210000 | - |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം നം.29/31.05.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സി) ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തി ലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം [214(5)]. എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2021-22-ലെ ബജറ്റിനൊപ്പം 2020-21-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പാസാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/31.05.2022) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് സംബന്ധമായ മേൽ അപാകങ്ങൾക്ക്, വ്യക്തമായ മറുപടി നൽകേണ്ടതും, തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 12.07.2021 |

## 1-2-1 അക്കൗണ്ട്സ് പരിശോധനയിൽ കണ്ട അപാകങ്ങൾ

1). 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങളിലെ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2). കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ, ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3). HUDCO ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 66522402 | 7600000 | 74122402 | 5328310 | 68794092 |

പരിശോധനയ്ക്കായി ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.ആയതിനാൽ മേൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4). B 5ഷെഡ്യൂളിലെ നീക്കിയിരിപ്പും (68794092) B16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (67573481) പൊരുത്തപ്പെടുന്നില്ല. (വ്യത്യാസം 1220611/- രൂപ ) ടി തുകയുടെ ക്രമപ്പെടുത്തൽ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

5). 2019-20 സാമ്പത്തിക വർഷത്തെB-7, RP-34 (വരവ്), RP-34 (ചെലവ്), 2020-21 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് ,വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 32550 | 235300 | 113900 | 153950 |
| Suppliers EMD | 47092 | 0 | 5220 | 41872 |
| Bidders EMD | 10850 | 133400 | - | 144250 |
| Contractors Security Deposit | 7500 | 22500 | 15000 | 15000 |
| Suppliers Security Deposit | 37326 | 4500 | 12500 | 29326 |
| Contractors Retention | 4707 | 20690 | - | 25397 |
| Auction Deposit | 3060 | 2000 | - | 2000* |
| Election Deposit | - | 59500 | 14000 | 45500 |
| Deposit Received From Staff | - | 1000 | - | 1000 |
| Deposit Received From Others | - | 13000 | - | 13000 |

Auction Depositന്റെ AFS പ്രകാരമുള്ള വരവ്,ചെലവ്,നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്.ഡെപ്പോസിറ്റുകൾ പരിശോധിച്ച് കാലഹരണപ്പെട്ടവയുടെ വിവരവും ആയതിൻമേൽ സ്വീകരിച്ച തുടർനടപടിയും സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം - 05/24.05.22ന് കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

6). ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 2700/-രൂപ നീക്കിയിരിപ്പുണ്ട്.ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

7). വാർഷിക ധനകാര്യ പത്രിക B18 ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | ഇനം | മുന്നിരിപ്പ്(2019-20 B18) | തൻവർഷം പഞ്ചായത്ത് ചെലവഴിച്ച തുക(RP 47 Payment) | തൻവർഷം വരവായി ലഭിച്ച തുക(RP 47 Receipt) | നീക്കിയിരിപ്പ്(2020-21 B18) |
|---|---|---|---|---|---|
| 1 | Temporary Advance For Official Purposes | 5894 | 0 | 0 | 5894 |
| 2 | Advance To Implementing Agencies-Deposit With KWA | 9549670 | 49800 | 0 | 9599470 |
| 4 | Advance To Implementing Agencies-Deposit With GWD | 354900 | 0 | 0 | 354900 |
| 5 | Festival Advances | 10700 | 155000 | 7000 | 3700* |
| 6 | Advance To Others | 681783 | 1546633 | 1597000 | 658166* |

**Festival Advances ,Advance To Othersഎന്നീ ഇനങ്ങളിലെ വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ്,വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2020-21 വാർഷിക ധനകാര്യപത്രികയിലെ B18ൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി നൽകിയ മുൻകൂറുകൾ ഏതൊക്കെ വർഷങ്ങളിലെ ഏതൊക്കെ പ്രവൃത്തികൾക്കായി നൽകിയിട്ടുള്ളതാണെന്ന പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അവ പൂർത്തീകരിക്കിന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണ്.

8). താഴെ ചേർത്തിരിക്കുന്ന പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്

വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.എന്നാൽ ആയത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നം | പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 24/20-21 | പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ വിവിധ വൈദ്യുതി പോസ്റ്റുകൾ റോഡിന്റെ പാർശ്വഭാഗത്തേക്ക് മാറ്റി സ്ഥാപിക്കൽ | 200000 | 175311 |

9). വാർഷിക ധനകാര്യപത്രികപ്രകാരം മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 1033571/- രൂപ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത ഫണ്ട് ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | RP7 | I 6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 4829652 | 3796081 | 1033571 |

10). സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

11). 2020-21 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്ടുകൾ ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | 19-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 59622 | 1737770 | 1797392 | 1737770 | 59622 | 59622 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1487474 | 3620113 | 5107587 | 3620113 | 1487474 | 1487474 |
| ആകെ | | | | | | 1547096 |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 1547096/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 1527159 /- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

12. A.E യുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress 1215804/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം ആയത് 90000/-ആണ്.

13. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2020-21 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്,വൈദ്യുതി ചാർജ്ജ് ,വാട്ടർ ചാർജ്ജ് എന്നിവയ്ക്ക് 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

14.വസ്തു നികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു-

| ഇനം | ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| വസ്തു നികുതി ഗാർഹികം(അരിയർ) | സഞ്ചയ പ്രകാരം | 45803 | 17380 | 28929 |
| | എ.എഫ്.എസ് പ്രകാരം | 30105 | 17380 | 11829 |
| വസ്തു നികുതി ഗാർഹികം(കറന്റ്) | സഞ്ചയ പ്രകാരം | 1244592 | 1115306 | 105627 |
| | എ.എഫ്.എസ് പ്രകാരം | 1238198 | 1168327 | 105759 |
| വസ്തു നികുതി ഗാർഹികേതരം(അരിയർ) | സഞ്ചയ പ്രകാരം | 135612 | 2845 | 133541 |
| | എ.എഫ്.എസ് പ്രകാരം | 143170 | 1614 | 141411 |
| വസ്തു നികുതി ഗാർഹികേതരം (കറന്റ്) | സഞ്ചയ പ്രകാരം | 785465 | 689102 | 70133 |
| | എ.എഫ്.എസ് പ്രകാരം | 786611 | 686266 | 74843 |

15). തൊഴിൽ നികുതി,നികുതിയേതര വരവുകൾ എന്നിവയുടെ ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ലഭ്യമാക്കിയിട്ടില്ല. എ.എഫ്.എസ് പ്രകാരമുള്ള പ്രസ്തുത വരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ ആധികാരികത ആയതിനാൽ ഉറപ്പാക്കാനായിട്ടില്ല.

16). ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ, നൽകി മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ലായെന്ന് കണ്ടെത്തി.

| ക്രമ നം. | ബാങ്കിന്റെ പേര്/അക്കൗണ്ട് നം. | വൗച്ചർ നം./തീയതി | ചെക്ക് നം. / തീയതി | തുക |
|---|---|---|---|---|
| 1 | എസ്.ബി.ഐ,Own Fund Current അക്കൗണ്ട് | 22000228/13.07.20 | 921457/13.07.20 | 4500/- |
| 2 | | 21900752/16.01.20 | 160259/16.01.20 | 1750/- |
| 3 | | 22000623/03.12.20 | 776589/03.12.20 | 1112/- |

17). ട്രഷറി റ്റി. എസ്. ബി അക്കൗണ്ടിന്റെ (702031400000003) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 1000000

രൂപയാണ്. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 1527159 രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് റികൺസിലിയേഷൻ നടത്തിയിട്ടുള്ളത്.( AFS ലും ബാങ്ക് ബുക്കിലും 1527159 രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്).

18.എസ്.ബി.ഐ,സാക്ഷരത അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 34056.55 രൂപ യാണ് . എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 33145.55രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് റികൺസിലിയേഷൻ നടത്തിയിട്ടുള്ളത്.( AFS ലും ബാങ്ക് ബുക്കിലും 33145.55 രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്).

19). RP 40 (B) യിൽ 224 രൂപ നീക്കിയിരിപ്പായിട്ടുള്ള ട്രഷറി -Own Fund -VPFA-I-2 എന്ന അക്കൗണ്ടിന്റെ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ,ബാങ്ക് സ്റ്റേറ്റ്മെന്റ് ,ബാങ്ക് ബുക്ക് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.05/24.05.22,31/31.05.22ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചതിനു ശേഷം അവശേഷിക്കുന്ന പരാമർശങ്ങളാണ് ചേർത്തിട്ടുള്ളത്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11830112 | 11830112 | 17531625*a | -5701513 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 9221553 | 9221553 | 8589118*b | 632435 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 261373 | 261373 | 124849*c | 136524 |
| CFC(tied) | 0 | 6830000 | 6830000 | 2728841 | 4101159 |
| CFC(untied) | 0 | 13391116 | 13391116 | 8637303 | 4753813 |
| Maintenance Fund(nonroad) | 0 | 4829652 | 4829652 | 4879000*d | -49348 |
| Maintenance Fund(road) | 0 | 12799000 | 12799000 | 12799000 | 0 |
| CSS*e | 0 | 0 | 0 | 1041627 | -1041627 |
| SSS*f | 0 | 0 | 0 | 3430828 | -3430828 |

*A ACR പ്രകാരമുള്ള ചെലവ് 11827487/- രൂപയാണ്.

*B ACR പ്രകാരമുള്ള ചെലവ് 8181573/- രൂപയാണ്.

*C ACR പ്രകാരമുള്ള ചെലവ് 110222/- രൂപയാണ്.

*D ACR പ്രകാരമുള്ള ചെലവ് 4829652/- രൂപയാണ്.

*E കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

*F സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

## 1-3-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 17531625 | 11827487 |
| വികസനഫണ്ട്(എസ്.സി.പി) | 8589118 | 8181573 |
| വികസനഫണ്ട്(ടി.എസ്.പി) | 124849 | 110222 |
| മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 4879000 | 4829652 |

എ.സി.ആർ-ൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യുന്നതിനു ശേഷം ലഭിച്ച ബാക്കി തുകയുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. ആയതിനാലാണ് ഈ രണ്ട് സ്റ്റേറ്റ്മെന്റുകളിലെ തുകകൾ തമ്മിൽ വ്യത്യാസം ഉണ്ടാകാനുള്ള

കാരണമെന്നാണ് ഓഡിറ്റ് എൻക്വയറി നം 12/27.05.22 നമ്പർ മറുപടിയിലൂടെ അറിയിച്ചത്.

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 % എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞ തുക 3740640/-രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (4596520) വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 2426567/-രൂപ മാത്രമാണ്. വകയിരുത്തലിന്റെ ചെലവ് ശതമാനം 53% മാണ്.

4. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 പ്രകാരം ഈ വിഭാഗത്തിൽ വകയിരുത്തേണ്ട കുറഞ്ഞ തുക 1076790/- ആണ്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ,Special Plan Wise Expenditure Statement 20-21 എന്നിവ പ്രകാരം 69800/- രൂപ മാത്രമാണ് പ്രസ്തുത മേഖലയ്ക്കായി വകയിരുത്തിയത് .ആയതിൽ നിന്നും 26680/-രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വകയിരുത്തലിന്റെ 38% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

ഐ.സി.ഡി.എസിന്റെ ചെലവ് പത്രിക പ്രകാരം ചുവടെ ചേർക്കും പ്രകാരം അടങ്കൽ വകയിരുത്തുകയും ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| പ്രോജക്റ്റ് നം | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| 38 /20-21 | 15800 | 15800 |
| 06/20-21 | 135300 | 108700 |
| 05/20-21 | 657750 | 630500 |

എന്നാൽ പ്രസ്തുത പ്രോജക്ടുകളുടെ വിവരങ്ങൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ഘടക/ഉപഘടക പദ്ധതികളുടെ ചെലവ് പട്ടിക,Special Plan Wise Expenditure Statement എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം12/27.05.22 നമ്പർ മറുപടിയിൽ സാങ്കേതികപിഴവ് കാരണമാണ് ലിസ്റ്റ് ചെയ്യാത്തതെന്നാണ് അറിയിച്ചത്.

5. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1(2) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമാണ് എസ്.എസ്.എ വിഹിതം നൽകൽ പദ്ധതി. ബജറ്റ് അനുബന്ധം 2പട്ടിക 9(അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 500000/-രൂപയും എസ് സി പി ഫണ്ടിൽ നിന്നും 300000/- രൂപയുമാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുകകൾ.എന്നാൽ പ്രസ്തുത മേഖലയിൽ മേൽ തുകകൾ വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് നടത്തിയിട്ടില്ല. വികസന ഫണ്ട് പൊതുവിഭാഗത്തിൽ ആവശ്യമായ തുകയില്ലാത്തതിനാലാണ് മേൽ പ്രോജക്ടുകൾ നടപ്പിലാക്കാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

6. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1(3) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമായി ഉൾപ്പെട്ടതാണ് പാലിയേറ്റീവ് പ്രോജക്ടിനുള്ള വിഹിതം. ബജറ്റ് അനുബന്ധം 2പട്ടിക 9(അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 1377716/-രൂപയാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക.എന്നാൽ പ്രസ്തുത മേഖലയിൽ മേൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും ചെലവ് ചെയ്തിട്ടില്ല.1177716/-രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ ആവശ്യമായ തുകയില്ലാത്തതിനാലാണ് മേൽ പ്രോജക്ടുകൾ നടപ്പിലാക്കാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

7. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1(6) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമായി ഉൾപ്പെട്ടതാണ് അഗതിരഹിതകേരളം പദ്ധതി (ആശ്രയ) വിഹിതം. ബജറ്റ് അനുബന്ധം 2പട്ടിക 9(അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 990720/-രൂപയാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക.എന്നാൽ പ്രസ്തുത മേഖലയിൽ മേൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവ് നടത്തിയിട്ടില്ല.വികസന ഫണ്ട് പൊതുവിഭാഗത്തിൽ ആവശ്യമായ തുകയില്ലാത്തതിനാലാണ് മേൽ പ്രോജക്ടുകൾ നടപ്പിലാക്കാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

8. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.2.1(7) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ വകയിരുത്തലിനായി നിർദ്ദേശിച്ചിട്ടുള്ള ഇനമായി ഉൾപ്പെട്ടതാണ് ഐ കെ എമ്മിന് സർക്കാർ നിശ്ചയക്കുന്ന തുക നൽകൽ.ബജറ്റ് അനുബന്ധം 2പട്ടിക 9(അനിവാര്യ പരിപാടികൾക്ക് വികസന ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ) പ്രകാരം വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും 221407/-രൂപയാണ് പ്രസ്തുത പ്രോജക്ടിനുള്ള അനിവാര്യവകയിരുത്തൽ തുക.എന്നാൽ പ്രസ്തുത മേഖലയിൽ മേൽ തുക വകയിരുത്തിയിട്ടിണ്ടെങ്കിലും ചെലവ് നടത്തിയിട്ടില്ല.

വികസന ഫണ്ട് പൊതുവിഭാഗത്തിൽ ആവശ്യമായ തുകയില്ലാത്തതിനാലാണ് മേൽ പ്രോജക്ടുൾ നടപ്പിലാക്കാത്തതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതികൾ സ്പിൽ ഓവർ ആയി 2021-22 ൽ നടപ്പിലാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

9. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന. പ്രകാരം 2020-21 സാമ്പത്തിക വർഷം അനുവദിച്ച വികസനഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി20% വരെ മാത്രമാണ് ഇപ്രകാരം ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിട്ടുള്ളത്. ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് (എസ്.സി.പി) യിൽ 42% മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക₹ | ചെലവ് തുക₹ | നീക്കിയിരിപ്പ് തുക₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട്(ടി.എസ്.പി) | 261373 | 110222 | 151151 | 42% |

10. B-4 Schedule പ്രകാരമുള്ള തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ്ഡ്കോഡ് | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | സ്വീകരിച്ച നടപടി - ഓഡിറ്റ് എൻക്വയറി നമ്പർ 05/24.05.22ന്റെ മറുപടി) |
|---|---|---|---|---|
| 1 | 320200207 | Funds For Transferred Institutions-Ayurveda -Capital | 52350 | - |
| 2 | 320200309 | Literacy Scheme Grant | 33145.55 | - |
| 3 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 1487474 | 37700/-രൂപ<br>21-22ൽ ചെലവഴിച്ചു.<br>ബാക്കി തുക തുടർവർഷങ്ങളിൽ ചെലവഴിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| 4 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 59622 | - |
| 5. | 320200322 | Grants From Suchitwa Mission | 2617319 | 1499158/-രൂപ<br>21-22ൽ ചെലവഴിച്ചു.ബാക്കി തുക തുടർവർഷങ്ങളിൽ ചെലവഴിക്കുന്നതാണ് |
| 6. | 320300199 | Grants,Funds &Contributions For Specific Purposes-Other Government Agencies- | 879913 | 605495/-രൂപ<br>21-22ൽ ചെലവഴിച്ചു. |
| 7 | 320100121 | CSS-ICDS | 858922 | 13317/-രൂപ<br>21-22ൽ ചെലവഴിച്ചു.ബാക്കി തുക ചെലവഴിക്കുന്നതാണ് |

ക്രമ നം 1,2,4 എന്നീ ഹെഡുകളിലെ തുകകൾ 2019-20 മുതൽ തന്നെ ചെലവഴിക്കാതെ അവശേഷിക്കുന്നു.ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.

11. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം-അപാകതകൾ

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ ധന.,തീ. 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 31.03.2021ലെ നീക്കിയിരിപ്പ് 1527159/- രൂപയാണ്

12. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നു.

B-4 Schedule പ്രകാരം വിനിയോഗിക്കാതെ ഗുണഭോക്തൃ വിഹിതമിനത്തിൽ അവശേഷിക്കുന്ന 20216/- ഏതിനത്തിലുള്ളതാണെന്നും പ്രോജക്ട് നം., വർഷം, നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് സ്പിൽ ഓവർ ആക്കിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 05/24.05.22ന് 18514/- രൂപ 2021-22 വർഷം കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾക്ക് ചെലവഴിച്ചതായി അറിയിച്ചിട്ടുണ്ട്. 2702/-രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

2018-19 മുതൽ 2021-22 വരെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.2018 ലെ സ.ഉ(കൈ) നം 11/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവരങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ്, സ്റ്റാറ്റസ് റിപ്പോർട്ട്, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ആസൂത്രണ സമിതി</u>

തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൗത്യം. ആസൂത്രണ സമിതിയുടെ കാലാവധി ഭരമസമിതിയുടെ കാലാവധി ആയിരിക്കേണ്ടതാണ്. ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിനു മുന്നോടിയായി ഓരോ വർഷവും ഡിസംബർ 1 നു മുമ്പ് നിലവിലുള്ള ആസൂത്രണ സമിതികൾ ആവശ്യമെങ്കിൽ പുന:സംഘടിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ല 2020-21 ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് രണ്ടു പ്രാവശ്യം യോഗം കൂടിയിട്ടുണ്ട്. (4.02.2020 രണ്ടാമത്തെ യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല.) എന്നാൽ യോഗ തീരുമാനങ്ങൾ ഒന്നും തന്നെ മിനിട്ട്സിൽ ചേർത്തിട്ടില്ല. ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

തദ്ദേശ സ്ഥാപനത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 03.01.20ൽ യോഗം ചേർന്നിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പുകളുടെ തീരുമാനങ്ങളിൽ പലതും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.പ്രോജക്ടുകളായി മാറാത്ത വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു

1.കൃഷി

കേട് വന്ന തെങ്ങ് മുറിച്ച് മാറ്റി തെങ്ങിൻ തൈകൾ നൽകണമെന്ന വർക്കിംഗ് ഗ്രൂപ്പിന്റെ ആവശ്യം പദ്ധതിയായി രൂപപ്പെട്ടിട്ടില്ല.20.05.2020 ലെ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2(5) തീരുമാനപ്രകാരം പ്രോജക്ട് നം 202 കേട് വന്ന തെങ്ങ് മുറിച്ച് മാറ്റി തെങ്ങിൻ തൈകൾ നൽകൽ എന്ന പദ്ധതി ഉപേക്ഷിച്ചതായി കാണുന്നു.

2. മൃഗസംരക്ഷണവും ക്ഷീരവികസനവും

മൂന്നോ അതിൽ കൂടുതലോ കറവ പശു ഉള്ളവർക്ക് കറവയന്ത്രം നൽകണമെന്ന വർക്കിംഗ് ഗ്രൂപ്പിന്റെ ആവശ്യം പദ്ധതിയായി രൂപപ്പെട്ടിട്ടില്ല. പ്രസ്തുത പദ്ധതി പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടില്ല. 230 കുടുംബങ്ങൾ പശു വളർത്തലിൽ ഏർപ്പെട്ട പഞ്ചായത്തിൽ മേൽ പദ്ധതി നടപ്പിലാക്കാവുന്നതാണ്.പരമ്പരാഗതമായി ചെയ്തു വരുന്ന പദ്ധതികൾ വിട്ട് നൂതന പ്രോജക്ടുകൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3.ചെറുകിട വ്യവസായം

തുണി സഞ്ചി നിർമ്മാണം,പഴങ്ങളിൽ നിന്നും ജാം,സ്ക്വാഷ് എന്നിവയുടെ നിർമ്മാണ യൂണിറ്റ്, ചക്ക - മരിച്ചീനി എന്നിവയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം,തേനീച്ച വളർത്തലും തേനിന്റെ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണവും, സോപ്പ് നിർമ്മാണം, തയ്യൽ യൂണിറ്റ് എന്നി പദ്ധതികൾ നടപ്പിലാക്കുന്നതിനായി അഭിപ്രായങ്ങൾ

ഉയർന്നു വന്നുവെങ്കിലും അതൊന്നും പദ്ധതിയായി രൂപപ്പെട്ടില്ല. ചെറുകിട വ്യവസായം വഴി പഞ്ചായത്തിലെ സാധാരണക്കാരുടെ ജീവിതം മാറ്റിയെഴുതുവാൻ സാധിക്കുമായിരുന്നു.എന്നാൽ അത്തരത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിൽ പഞ്ചായത്തിനു വീഴ്ച്ച വന്നിരിക്കുന്നു.

2014-15 ൽ പരമ്പരാഗത കൈതൊഴിൽ പ്രോത്സാഹനം എന്ന പദ്ധതിയ്ക്കായി 100000/- രൂപ വകയിരുത്തിയെങ്കിലും ആയത് ഉപേക്ഷിച്ചു.2018-19 ൽ തുണി സഞ്ചി പരിശീലനം ആരംഭിച്ചുവെങ്കിലും ആയതും പൂർത്തികരിച്ചിട്ടില്ല. ചെറുകിട വ്യവസായത്തെ ശക്തിപെടുത്തുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനു ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

4 ദാരിദ്ര്യ ലഘൂകരണം

2018-19 മുതൽ 2021-22 വരെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന യാതൊരു പദ്ധതിയും പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

ഓട്ടോറിക്ഷ, പിക്ക് അപ്പ് വാൻ,ടാക്സിക്കാർ മുതലായവ വാങ്ങുന്നതിനുള്ള ധനസഹായത്തിനു പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആവശ്യം ഉയർന്നു വന്നുവെങ്കിലും അവയൊന്നും പദ്ധതിയായി രൂപപ്പെട്ടിട്ടില്ല.

5. വിദ്യാഭ്യാസം

10, 12 എന്നീ ക്ലാസുകളിലെ തുല്യത കോഴ്സിനു ഫണ്ട് അനുവദിക്കുന്നതിനുള്ള ആവശ്യം ഉയർന്നു വന്നുവെങ്കിലും ആയതൊന്നും പദ്ധതിയായി രൂപപ്പെട്ടിട്ടില്ല.

6. പട്ടികജാതി വികസനം

പട്ടികജാതി കുടുംബങ്ങളിലേയ്ക്കുള്ള വഴി സൗകര്യം,പൊതു ശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുകയും ഫണ്ട് അനുവദിക്കുകയും ചെയ്യുക എന്നീ ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.പൊതു ശ്മശാനം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുക സ്റ്റാറ്റസ് റിപ്പോർട്ടിൽ അതീവ ഗുരുതരമായ വിഷയമായി ഉൾപ്പെടുത്തിയിരിക്കുന്നുവെങ്കിലും ആയതു പദ്ധതിയായി രൂപപ്പെട്ടിട്ടില്ല.ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 3589 ആണ്. അതിനാൽ പ്രസ്തുത ആവശ്യം പദ്ധതിയായി രൂപപ്പെടുത്തി നടപ്പിലാക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

7.ആരോഗ്യം

ആരോഗ്യ മേഖലയിലെ മൂന്നു വിഭാഗങ്ങളും (അലോപ്പതി, ആയുർവേദം,ഹോമിയോ) ഇൻസിനേറ്റർ സംവിധാനം ആവശ്യപ്പെട്ടിട്ടുണ്ട്.എന്നാൽ ആയത് പദ്ധതിയായി രൂപാന്തരം പ്രാപിച്ചിട്ടില്ല.ആയതിലേയ്ക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കുടിവെള്ളം ,ശുചിത്വം, പൊതുമരാമത്ത്,പട്ടിക വർഗ്ഗം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ 2020-21 ൽ മീറ്റിംഗ് കൂടിയിട്ടില്ല.

2020-21 സാമ്പത്തിക വർഷിക വർഷത്തിൽ നിർവഹണോദ്യോഗസ്ഥർ നിർവഹിച്ച പദ്ധതികളുടെ പട്ടിക

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി | 9 | 8 | 2168543 | 540580 | 25 |
| വെറ്റിനറി സർജ്ജൻ | 8 | 8 | 4543350 | 2416988 | 53 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 7 | 7 | 2727716 | 2481823 | 91 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 5 | 1125000 | 1125000 | 100 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 2 | 0 | 3996000 | 0 | 0 |
| വി.ഇ.ഒ (സർക്കിൾ 1) | 10 | 9 | 26925080 | 7166372 | 27 |
| വി.ഇ.ഒ (സർക്കിൾ 2) | 14 | 11 | 100352060 | 15995950 | 16 |
| ഐ.സി.ഡി.എസ് | 11 | 10 | 4697133 | 4180813 | 89 |
| സെക്രട്ടറി | 29 | 23 | 15698636 | 10404434 | 66 |
| ഹെഡ് മാസ്റ്റർ | 5 | 3 | 1226800 | 327899 | 27 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 92 | 83 | 35772226 | 27052096 | 76 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 1258237 | 1258130 | 99.99 |
| അസി.സെക്രട്ടറി | 7 | 6 | 2042442 | 681730 | 33 |

ആകെ അടങ്കൽ : 202533223/-

ആകെ ചെലവ്: 73631815/-

ചെലവ് ശതമാനം : 36.35%

തനത് ഫണ്ട് പദ്ധതി ചെലവ് ശതമാനം

ആകെ അടങ്കൽ : 4781680/-

ആകെ ചെലവ്: 1482452/-

ചെലവ് ശതമാനം : 31%

പദ്ധതികൾ രൂപീകരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പുകളുടെ അഭിപ്രായം കണക്കിലെടുത്ത് ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾക്ക് ഫണ്ടുകൾ വകയിരുത്തി ചെലവഴിക്കുന്നതിൽ പഞ്ചായത്ത് പിന്നാക്കം നിൽക്കുകയാണ്. ഭാവിയിൽ ആവശ്യാനുസരണമുള്ള പദ്ധതികൾക്ക് വകയിരുത്തിയ തുകകൾ പരമാവധി ചെലവഴിക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി മാറി, പദ്ധതികൾ യഥാവിധി നടത്തിയിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 125760 | 179 |
| കർഷകതൊഴിലാളി പെൻഷൻ | 6076500 | 372 |
| വിധവാ പെൻഷൻ | 17980100 | 1283 |
| വാർദ്ധക്യകാല പെൻഷൻ | 32988700 | 2466 |
| വികലാംഗ പെൻഷൻ | 4589000 | 315 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | - | - |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള ധനസഹായം | 336500 | 27 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.(രജിസ്ട്രേഷൻ നം 25/20 തീയതി 01.04.20 മുതൽ 27/21 തീയതി 27.03.21വരെയുള്ള മരണറിപ്പോർട്ടുകളാണ് പരിശോധിച്ചത്). വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ഖദീജാബീവി | 102490202066 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 23.02.20 | 3/20-6/20 | 4500 |
| 2 | ഷാഹുൽഹമീദ്.എം | 102490200737 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 22.03.20 | 04/20-06/20 | 4500 |
| 3 | പാത്തുമ്മാബീവി | 102490601344 | വിധവ പെൻഷൻ | സസ്പെൻഡ് | 25.04.20 | 05/20-06/20 | 2600 |
| 4 | ഫൈസൽ എ | 102490400080 | ഡിസബിലിറ്റി പെൻഷൻ | ആക്ടീവ് | 01.05.20 | 06/20-05/22 | 36400 |
| 5 | പാത്തുമ്മാ ബീവി എം | 102490200539 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 07.05.20 | 06/20 | 1500 |
| 6 | സുലോചന | 102490200814 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 04.05.20 | 06/20 | 1500 |
| 7 | ജോയിസ് | 102490100336 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 04.05.20 | 06/20 | 1300 |
| 8 | വാസുദേവൻനായർ.എൻ | 102490200898 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 15.05.20 | 06/20 | 1300 |
| 9 | അബ്ദുൾറസാക്.എ | 102490200834 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 28.06.20 | 07/20-05/22 | 26800 |
| 10 | ഭവാനിഅമ്മ | 102490200514 | വാർദ്ധക്യകാല പെൻഷന് | സസ്പെൻഡ് | 02.02.20 | 03/20-06/20 | 4500 |
| 11 | അപ്പിപ്പെണ്ണ് | 102490200346 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 19.07.20 | 08/20 | 1500 |
| 12 | ഭാരതി എ | 102490201281 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 26.08.20 | 09/20-10/20 | 3000 |
| 13 | സരസ്വതിഅമ്മ | 102490100017 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 28.08.20 | 09/20-10/20 | 2800 |
| 14 | സുകുമാരൻ നായർ ബി | 102490201883 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 11.05.20 | 06/20-08/20 | 3900 |
| 15 | ഭാസ്കരൻനാടാർ | 102490200915 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 05.10.20 | 11/20-12/20 | 3000 |
| 16 | സുമതിഅമ്മ | 102490100332 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 08.10.20 | 11/20-12/20 | 2800 |
| 17 | ഷംസുദ്ദീൻ | 102490201513 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 16.10.20 | 11/20-12/20 | 2800 |
| 18 | കുഞ്ഞി പി | 102490200490 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 21.10.20 | 11/20-12/20 | 3000 |
| 19 | ലൈലാ ബീവി | 102490202874 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 28.09.20 | 10/20-12/20 | 4200 |
| 20 | ഇന്ദിര എൽ | 102490201785 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 17.11.20 | 12/20 | 1400 |
| 21 | മുഹമ്മദ്കുഞ്ഞ് | 102490100561 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 18.11.20 | 12/20 | 1400 |
| 22 | ചെറുപെണ്ണ് | 102490100405 | കർഷക തൊഴിലാളി പെൻഷൻ | സസ്പെൻഡ് | 20.11.20 | 12/20-01/21 | 2900 |
| 23 | ഇസ്രയേൽ | 102490200850 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 26.11.20 | 12/20-05/22 | 28400 |
| 24 | സരസ്വതിഅമ്മ പി | 102490200499 | വാർദ്ധക്യകാല | സസ്പെൻഡ് | 10.12.20 | 01/21- | 25300 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പെൻഷൻ | | | 04/22 | |
| 25 | കൃഷ്ണപിള്ള .കെ | 102490201603 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 03.12.20 | 01/21-04/22 | 6100 |
| 26 | ശ്രീധരൻ പിള്ള | 102490201197 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 18.12.20 | 01/21-04/21 | 6100 |
| 27 | തുളസീധരൻ | 102490201952 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 13.01.21 | 02/21-04/21 | 4600 |
| 28 | ലത്തീഫാബീവി | 102490600750 | വിധവ പെൻഷൻ | സസ്പെൻഡ് | 15.01.21 | 02/21-04/21 | 4600 |
| 29 | രാമകൃഷ്ണൻ.എസ് - | 102490202609 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 29.01.21 | 02/21-04/21 | 4600 |
| 30 | സത്യഭാമ | 102490600722 | വിധവ പെൻഷൻ | സസ്പെൻഡ് | 02.02.21 | 03/21-04/21 | 3100 |
| 31 | മാധവൻആശാരി | 102490200133 | വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | 02.02.21 | 03/21-04/21 | 3100 |
| 32 | വിശ്വംഭരൻ ജെ | 102490202158 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 10.11.20 | 12/20-05/22 | 28300 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല.പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. നം 15/ 28.05.22 ന് അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിനാൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

llപെൻഷൻ വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ടതദ്ദേശസ്ഥാപനത്തിനെ/പെൻഷൻ വിതരണസ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:-

| ക്രമ നം | തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ പേര് / പെൻഷണറുടെ പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | നെടുമങ്ങാട് മുനിസിപ്പാലിറ്റി രാജു | 101740205589 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 12.05.20 | 06/20-05/22 | 36400 |
| 2 | ക്ഷേമനിധി ബോർഡ് പെൻഷൻ -കമലാസനൻ | 2220017313 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 23.05.20 | 06/20-08/20 | 2700 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ചിതറ ഗ്രാമ പഞ്ചായത്ത് രാജമ്മ എൽ | 103650600007 | വിധവ പെൻഷൻ | ആക്ടീവ് | 25.08.20 | 09/20-05/22 | 32500 |
| 4. | ക്ഷേമനിധി ബോർഡ് പെൻഷൻ അബ്ദുൽ ഖരീം | 2220017344 | Agriculture Pension | ആക്ടീവ് | 04.10.20 | 11/20-05/22 | 24900 |
| 5. | നന്ദിയോട് ഗ്രാമ പഞ്ചായത്ത് ശാന്ത ജെ | 102520600186 | വിധവ പെൻഷൻ | ആക്ടീവ് | 19.12.20 | 01/21-05/22 | 26900 |

ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 15/ 28.05.22ന് ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിനെ/പെൻഷൻ വിതരണസ്ഥാപനത്തിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-2 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം

പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ13.03.2021 ലെ എ ഡി പി -ടി വി എം711/2020PA 2 നം കത്ത്) അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | പെൻഷൻ ഐ ഡി | അനർഹമായി തുക വിതരണം ആരംഭിച്ച തീയതി |
|---|---|---|---|
| 1 | ഓമന | 102490100595 | 01.10.2010 |
| 2 | ശ്യാമള.പി | 102490600696 | 26.11.2012 |
| 3 | ഓമന.എൽ | 102490601217 | 01.01.2017 |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. പട്ടികയിലെ തുകകൾ അനർഹമായി കൈപ്പറ്റിയ തുകയുടെ വിശദാംശം തുടർനടപടി സംബന്ധിച്ച വിവരങ്ങൾ എന്നിവ അറിയിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 28.05.2022-നു 3.10 PM-നു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18/- രൂപയുടെ പണം നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഓഫിസ് ഭരണസംവിധാനം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തനക്ഷമമാണ്. എന്നാൽ തനത് വരവ് പിരിച്ചെടുക്കുന്നതിൽ പോരായ്മകൾ നിലനിൽക്കുന്നു. പഞ്ചായത്ത് പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിലും അപാകതകൾ നിലനിൽക്കുന്നു. റേഷൻ കടകളിൽ നിന്നും, കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിക്കുന്നില്ല.

ചെറുകിട വ്യവസായങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും പദ്ധതി രൂപീകരിച്ചിട്ടില്ല.
പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നതിൽ മോണിട്ടറിംഗ് സമിതിയുടെ മേൽനോട്ടം ഉറപ്പാക്കുന്നില്ല.
കമ്മിറ്റി തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നില്ല.

സ്പിൽ ഓവർ ആകുന്ന പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തീകരിക്കുന്നില്ല.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 16460 | 1590959 | 1607419 | 1603487 | 3932 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 68753000 | 68753000 | 68753000 | 0 |
| ആകെ | 16460 | 70343959 | 70360419 | 70356487 | 3932 |

1-8-1മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം.

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

പഞ്ചായത്തിലെ 15 വാർഡുകളിലായി ആകെ 261 അയൽക്കൂട്ടങ്ങളാണുള്ളത്. 2020-21 സാമ്പത്തിക വർഷത്തിൽ 223 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 3041 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു. 2790കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

557 പദ്ധതികൾക്ക് സാങ്കേതികനുമതി ലഭിച്ചുവെങ്കിലും 307 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. 183523 തൊഴിൽദിനങ്ങൾ മാത്രമാണ് 2020-21 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. 100 ദിവസം തൊഴിൽ ലഭിച്ച 885 കുടുംബങ്ങൾ മാത്രമാണുള്ളത്.

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും അതിന്റെ നിബന്ധനകളെ സംബന്ധിച്ചും പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ചും വ്യക്തമായ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

1-8-2.കരാറുകാരിൽനിന്നും ആദായനികുതി സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്നില്ല.

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാർക്ക് തുക നൽകുമ്പോൾ (വ്യക്തികൾ 1%,സ്ഥാപനങ്ങൾ 2%)ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് മെറ്റീരിയലുകൾ സപ്ലൈ ചെയ്തയിനത്തിൽ കരാറുകാരിൽ നിന്നും നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല.ഏതാനും പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെപേര്. അടങ്കൽ | ഭരണാനുമതി/ സാങ്കേതികാനുമതി | എം.ബുക്ക് നം. ചെലവ് തുക | കരാറുകാരന് നൽകിയ തുക | ടി.ഡി.എസ്.കിഴിവ് വരുത്തേണ്ടിയിരുന്ന തുക. |
|---|---|---|---|---|
| പിണറും മൂട് ശക്തിപുരം റോഡ് കോണ്ടക്രീറ്റിംഗ് 500000/- | 4(1)തീയതി.16.12.2019 195/TS/PGP/MNREGS /2020-21.തീയതി.14.05.2020 | 195/21-22 397161.21 | 313974.21 | 3140/- |
| പാലാംകോണം കുത്ത്പറമ്പ് അമ്പലം റോഡ് 500000/ | 4(1)തീയതി.16.12.2019 203/TS/PGP/MNREGS /2020-21.തീയതി.14.05.2020 | 203/22-21 397161.21 | 313974.21 | 3140/- |
| പൊക്കം കുഴി റോഡ് കോൺക്രീറ്റ് 500000/- | 4(1)തീയതി.16.12.2019 199/TS/PGP/MNREGS/ 2020-21.തീയതി.14.05.2020 | 199/20-21 397161.21 | 313974.21 | 3140/- |

വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.17/27.05.22) ആദായനികുതിയിനത്തിൽ തുക ഈടാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. അപാകത പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 21.05.2022 | 8/21മുതൽ 3/22 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.11.2018 മുതൽ 21.11.2018 വരെ | 2013-14 മുതൽ 2017-18 വരെ | 22/12/2018 |

## 1-10 വസ്തുനികുതി

1). കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ വാർഡ്നം1,5,,11 ,12എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്തിട്ടില്ല (ഡിമാന്റ് തുക 0)

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ഉപയോഗക്രമം | വിസ്തീർണം |
|---|---|---|---|---|
| 1 | 1/134 | സജീവ് കുമാർ | പാർപ്പിടം | 73ച മീ |
| 2 | 1/171 | ലത | പാർപ്പിടം | 79.35ച മീ |
| 3 | 1/257 | കെ ഭാസ്കരപിള്ള | പാർപ്പിടം | 77.5ച മീ |
| 4 | 11/93 | അബ്ദുൽ സലാം.എം | പാർപ്പിടം | 90ച മീ |
| 5 | 11/156 | അബ്ദുൽ റഷീദ് | പാർപ്പിടം | 80ച മീ |
| 6 | 12/76 | നിജാസ്.എസ് | പാർപ്പിടം | 75ച മീ |
| 7 | 5/134 | വിജയമ്മ | പാർപ്പിടം | 85ച മീ |
| 8 | 5/157 | റജിലാ ബീവി | പാർപ്പിടം | 75ച മീ |
| 9 | 5/177 | സലിം | പാർപ്പിടം | 99ച മീ |
| 10 | 5/191 | റഹ്മാബീവി | പാർപ്പിടം | 70ച മീ |
| 11 | 5/198 | അബ്ദുൾ സലിം | പാർപ്പിടം | 75ച മീ |

| | | | | |
|---|---|---|---|---|
| 12 | 5/221 | കുമാരി | പാർപ്പിടം | 75ച മീ |
| 13 | 5/245 | അനിൽകുമാർ | പാർപ്പിടം | 80ച മീ |
| 14 | 5/264 | സുഭദ്ര അമ്മ | പാർപ്പിടം | 100ച മീ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/29.05.2022ന്, സഞ്ചയയിൽ ഇത്തരത്തിൽ അവശേഷിക്കുന്ന മുഴുവൻ കെട്ടിടങ്ങൾക്കും റവന്യൂ നഷ്ടം ഉണ്ടാകാത്ത തരത്തിൽ നികുതി നിർണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2). 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.സമയബന്ധിതമായി തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3). കല്യാണമണ്ഡപത്തിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

2016-17 വർഷം മുതൽ നാളിതുവരെയുള്ള വസ്തു നികുതി ഒടുക്കിയിട്ടില്ല.

| Sl.No | Building ID | Door NO | Owner Name | Owner Address | Total Arrear |
|---|---|---|---|---|---|
| 1 | 50249010007639 | 3/500 | സജീബ്,നജീബ്,മുജീബ് | ആനന്ദവിലാസം ബംഗ്ലാവ്,ആനക്കുഴി | 129549 |
| 2 | 50249010001181 | 3/501 | സജീബ്,നജീബ്,മുജീബ് | " | 77175 |
| 3 | 50249010001189 | 3/505 | സജീബ്,നജീബ്,മുജീബ് | " | 490 |

4). 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളട ങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ/ ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം -28/29.05.2022ന് ക്രമ നം. 3,4 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 വാണിജ്യസ്ഥാപനങ്ങളുടെ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപനം ലഭ്യമാക്കിയ ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ വാണിജ്യ സ്ഥാപനങ്ങളുടെ വിവരം വ്യത്യാസപ്പെട്ടു കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | സ്ഥാപനം ലഭ്യമാക്കിയ ട്രേയ്ഡേഴ്സ് ലിസ്റ്റ് പ്രകാരം | ലൈസൻസ് രജിസ്റ്റർ പ്രകാരം | വാണിജ്യാവശ്യത്തിനുള്ള100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ,ഷോപ്പുകൾ മുതലായവ (സഞ്ചയ പ്രകാരം) | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുതൽ വിസ്തീർണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവ (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1 | 3 | 3 | 40 | ഇല്ല |

| വാർഡ് നം | സ്ഥാപനം ലഭ്യമാക്കിയ ട്രേയ്ഡേഴ്സ് ലിസ്റ്റ് പ്രകാരം | ലൈസൻസ് രജിസ്റ്റർ പ്രകാരം | വാണിജ്യാവശ്യത്തിനുള്ള100 ച.മീറ്റർ വരെ വിസ്തീർണമുള്ള ഹോട്ടൽ,ഷോപ്പുകൾ മുതലായവ (സഞ്ചയ പ്രകാരം) | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുതൽ വിസ്തീർണമുള്ള ഹോട്ടൽ, ഷോപ്പുകൾ മുതലായവ (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| | | | | |
| 2 | 1 | 1 | 56 | ഇല്ല |
| 3 | 15 | 19 | 107 | ഇല്ല |
| 4 | 9 | 9 | 66 | ഇല്ല |
| 5 | 4 | 6 | 44 | ഇല്ല |
| 6 | 16 | 10 | 72 | 2 |
| 7 | 3 | 2 | 45 | ഇല്ല |
| 8 | 16 | 10 | 91 | ഇല്ല |
| 9 | 13 | 12 | 90 | ഇല്ല |
| 10 | 12 | 14 | 59 | 7 |
| 11 | 33 | 32 | 203 | 2 |
| 12 | 13 | 12 | 62 | ഇല്ല |
| 13 | 8 | 7 | 59 | ഇല്ല |
| 14 | 16 | 21 | 136 | 1 |
| 15 | 7 | 8 | 53 | ഇല്ല |
| ആകെ | 169 | 166 | 1183 | |

ഇത്തരത്തിൽ വ്യത്യാസം വന്നതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/22നുള്ള മറുപടിയിൽ വാണിജ്യാവശ്യത്തിനു നമ്പരിടുന്ന കെട്ടിടങ്ങളിൽ 10% മുതൽ 20% വരെ കെട്ടിടങ്ങളിൽ മാത്രമാണ് വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ മിക്ക സ്ഥാപനങ്ങളും അടച്ചിടേണ്ട സാഹചര്യത്തിലുമായതിനാലാണ് എല്ലാ കടകളുടെയും ലൈസൻസ് പുതുക്കുവാൻ സാധിക്കാത്തതെന്നും അറിയിച്ചിരിക്കുന്നു.

കോവിഡ് നിയന്ത്രണവിധേയമായ സാഹചര്യത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

സ്ഥാപനങ്ങളുടെ എണ്ണത്തിൽ വലിയ വ്യത്യാസം സഞ്ചയയിൽ കാണുന്നു. പ്രവർത്തനക്ഷമമായ സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിനനുസൃതമായ ഫീസ് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ മൂന്നാം ചട്ടത്തിന്റെ പട്ടിക ഒന്നിൽ വരുന്നതാണ് റേഷൻ കടകൾ. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ച നൽകുകയോ അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുകയോ ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/22 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ഡിമാന്റ് നൽകിയെങ്കിലും തുക അടവാക്കിയിട്ടില്ലായെന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത പരാമർശം 2019-20 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത വിവരം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതി നുള്ള

നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നുവെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

2020-21 സാമ്പത്തിക വർഷത്തിൽ 20 കരാറുകാർ 60 ദിവസത്തിനുമേൽ കരാർ പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുണ്ടെന്നു അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം 10/22). ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നു ഓഡിറ്റ് എൻക്വയറി നം 9/22 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

തനതു വരുമാനം പൊതുവേ കുറവുള്ള പഞ്ചായത്തിൽ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വകരിക്കേണ്ടതാണ്. ഇതിലേയ്ക്ക് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 പഞ്ചായത്ത് പരിധിയിലില്ലാത്ത സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരിക്കുന്നു

സ്ഥാപനത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ അവയിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. കെ.എസ്.ഇ.ബി തേമ്പാമൂട്

2. റീജണൽ.എ.ഐ സെന്റർ,കുനൻവേങ്ങ

3. ബി.എസ്.എൻ.എൽ പുല്ലമ്പാറ

4.ചുള്ളാളം ക്ഷീരോൽപാദക സഹകരണ സംഘം

5 പാലാംകോണം ക്ഷീരോൽപാദക സഹകരണ സംഘം

6 .തൊള്ളിക്കച്ചാൽ ക്ഷീരോൽപാദക സഹകരണ സംഘം

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 9/22 നുള്ള മറുപടിയിൽ ക്രമ നം 1 മുതൽ 4വരെയുള്ള സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിച്ചിട്ടില്ലായെന്നും ക്രമ നം. 5,6 എന്നീ സ്ഥാപനങ്ങളിൽ ജീവനക്കാരില്ലായിരുവെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ എങ്ങനെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെട്ടുയെന്നുള്ള വിവരം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെങ്കിൽ അവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | അടവാക്കുവാനുള്ള അർദ്ധവർഷം |
|---|---|
| മോഡൽ പബ്ലിക്ക് സ്കൂൾ, തേമ്പാംമൂട് | 2 ാം അർദ്ധവർഷം |
| വെഞ്ഞാറമൂട് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി | 1 ാം അർദ്ധവർഷം |
| ആനക്കുഴി അഹമ്മദ് പിള്ള കൾച്ചറൽ സെന്റർ | 1 ാം അർദ്ധവർഷം |

| സ്ഥാപനത്തിന്റെ പേര് | അടവാക്കുവാനുള്ള അർദ്ധവർഷം |
|---|---|
| നിഹാസ് ഡെന്റൽ ക്ലിനിക്ക് | 1 ാം അർദ്ധവർഷം |
| നവജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1 & 2 അർദ്ധവർഷം |
| ഗവ.എൽ.പി.എസ് പാണയം | 1 & 2 അർദ്ധവർഷം |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 9/22 (4) നുള്ള മറുപടിയിൽ കോവിഡ് മൂലം പ്രവർത്തിച്ചിരുന്നില്ലായെന്നും ഗവ.എൽ.പി.എസ് പാണയം എന്ന സ്ഥാപനത്തിൽ സ്ഥിരജീവനക്കാരില്ലായെന്നും അറിയിച്ചിരിക്കുന്നു.

## 1-16 കാർഷികമേഖല- പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

1) കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നെൽകൃഷി വ്യാപനത്തിനായി പാടശേഖരസമിതിക്ക്, ജൈവവളത്തിന് 75%,രാസവളത്തിന് 50%,വിത്തിനും കൂലിചെലവിനും 100% നിരക്കിൽ സബ്സിഡി നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് കേദാരം (SO 190/20-21). മേൽ പദ്ധതി പ്രകാരം 16 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ 16 ഗുണഭോക്താക്കളുടേയും അപേക്ഷകളിലൊന്നും തന്നെ കൃഷി ഓഫീസർ,കൃഷി അസിസ്റ്റന്റ് വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താക്കളുടെ ഭൂമി നെൽകൃഷിക്ക് അനുയോജ്യമാണെന്നും കൃഷി ചെയ്തിട്ടുണ്ടെന്നും ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് 16 ഗുണഭോക്താക്കൾക്കും സബ്സിഡി അനുവദിച്ച നൽകിയിട്ടുള്ളത്.

2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്നുള്ള സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

3) ഗിരീഷ് .എസ് (വാർഡ്-4) എന്ന ഗുണഭോക്താവിന്റെ പാട്ടക്കരാറിൽ തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ കൃഷി ചെയ്യുന്നതിനായി പാട്ടത്തിനായി വിട്ടു നൽകുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4) പരിശോധനയ്ക്കായി ലഭ്യമാക്കിയ 2020-21 വർഷത്തെ ക്യാഷ് ബുക്ക് ടി ആർ 7 എ മാതൃകയിലല്ല.

5) 2020-21 ൽ നടപ്പിലാക്കിയ പദ്ധതികളുടെ പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം - 33/31.05.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ- അധികമായി പിൻവലിച്ചു- 6000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനക്ക് യൂസർ ഫീ സംവിധാനം ഉറപ്പാക്കുന്നതു വരെ, ചെറിയ തോതിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് മാലിന്യ സംസ്കരണത്തിനായി വക മാറ്റി വച്ചിട്ടുള്ള തുകയിൽ നിന്നും നൽകാവുന്നതാണ്. 29.01.2018-ലെ സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ പ്രകാരം മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വേണ്ട വിഹിതം തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ 'ഹരിത കർമ്മസേന പ്രവർത്തനങ്ങൾ 2020-21' പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചെലവ് പത്രിക പ്രകാരം 193575/-രൂപ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 131-ഹരിത കർമ്മസേന പ്രവർത്തനങ്ങൾ 2020-21 |
| അടങ്കൽ തുക | 300000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവു തുക | 193575/- |

| | |
|---|---|
| ബിൽ നം. | 1/20-21/13-7-20 60000-<br>3/20-21/4-11-20 24525-<br>5/20-21/21-12-20 3825-<br>7/20-21/8-3-21 90000-<br>13/20-21/30-3-21 15225- |

ലഭ്യമായ ചെലവ് രേഖകളും ഹരിതകർമ്മ സേന പാസ് ബുക്കും (അക്കൌ.നം.40017171141 SBI, പുല്ലമ്പാറ) പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഹരിതകർമ്മ സേനാംഗങ്ങളുടെ 6/2020ലെ ഓണറേറിയം 60000-രൂപ (24x2500) അക്കൌണ്ട് ട്രാൻസ്ഫർ നടത്തി (ബിൽ നം.1/20-21/13-7-20). എന്നാൽ ബിൽ നം.7/20-21/8-3-21 പ്രകാരം സേനാംഗങ്ങളുടെ ഓണറേറിയം (30 പേർക്ക് 3000/- രൂപ വീതം) ഇനത്തിലുള്ള 90000-രൂപ ട്രഷറിയിൽ നിന്നും 25-3-21ന് പിൻവലിച്ച് അക്കൌണ്ടിൽ നിക്ഷേപിക്കുകയും വിതരണ ശേഷം ബാക്കിയായ 6000/-രൂപ 26-3-21ൽ ഹരിതകർമ്മ സേന അക്കൌണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ആവശ്യമായ തുക മാത്രം പിൻവലിക്കണമെന്നിരിക്കെ വിതരണ ബാക്കി തുക ഹരിതകർമ്മ സേന അക്കൌണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല. അധികമായി പിൻവലിച്ച 6000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക സർക്കാരിൽ തിരികെ അടച്ച് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2) മറ്റ് അപാകതകൾ

എ) വരവു-ചെലവുകൾ TR 7എ കാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബി) വീട്ടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്ത യൂസർഫീയുടെ നിരക്ക്, ആയത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല.

സി) യൂസർ ഫീ പിരിച്ചെടുക്കാൻ ഹരിതകർമ്മസേന ഉപയോഗിച്ച രസീതുകൾ ലഭ്യമാക്കിയില്ല.

മേൽ രേഖകളും വിശദീകരണങ്ങളും ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. / 30-05-22ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി അപാകത പരിഹരിക്കേണ്ടതാണ്.

## 1-18 EMS ഭവനപദ്ധതി - പദ്ധതി തുക തിരിച്ചടച്ചിട്ടില്ല

2009-10, 2010-11 വർഷം ഇ.എം.എസ് ഭവന നിർമാണ പദ്ധതിക്കായി ലഭിച്ച തുക നിക്ഷേപിക്കുന്നതിനായി വി.ഇ.ഒയുടെ പേരിൽ പുല്ലമ്പാറ സർവീസ് സഹകരണ ബാങ്കിൽ ആരംഭിച്ച 1741 നമ്പർ അക്കൌണ്ടിൽ നിലവിൽ 395813-രൂപ അവശേഷിക്കുന്നു. പ്രസ്തുത തുക തൻവർഷത്തെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നുമില്ല. സർക്കാർ പ്രത്യേക ഉദ്ദേശ്യത്തിനായി അനുവദിച്ച തുക പദ്ധതി പൂർത്തിയായ ശേഷവും തിരികെ ഒടുക്കാത്തതിനു വിശദീകരണം ആവശ്യപ്പെട്ട് നല്കിയ 20/28-05-22 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.

ഭവന നിർമാണ പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതിനാൽ അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശത്തിനു വിധേയമായി തിരികെ അടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 കരാർ അടിസ്ഥാനത്തിൽ വാഹനം വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 117/2020-21 |
| പദ്ധതിയുടെ പേര് | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാങ്ങൽ |
| ഫണ്ടിനം | തനത് ഫണ്ട് |
| അടങ്കൽ | 200000/- |

| | |
|---|---|
| ചെലവ് | 177790/-രൂപ<br>59050/- രൂപ വൗച്ചർ നം 22000089 തീയതി :11.05.2020<br>44740/-രൂപ വൗച്ചർ നം 22000162 തീയതി :16.06.2020<br>42820/-രൂപ വൗച്ചർ നം 22000227 തീയതി :07.07.2020<br>31180/-രൂപ വൗച്ചർ നം 22000313 തീയതി :04.08.2020 |

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പദ്ധതിയിൽ പ്രോജക്ട് പ്രകാരം തനതു ഫണ്ടിൽ നിന്നും 90230/- രൂപയും വൗച്ചർ പ്രകാരം 87560/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

3.09.2012 ലെ സ.ഉ(സാധാ) നം. 2493 /2012 തസ്വഭവ പ്രകാരം സ്വന്തമായി വാഹനമില്ലാത്ത തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാടകയ്ക്കെടുത്തുപയോഗിക്കുന്നതിനു പ്രതിവർഷം 75000/- രൂപ മാത്രമേ ചെലവഴിക്കാവൂവെന്നിരിക്കെ അധികമായി തുക ചെലവഴിച്ചിരിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം. 7/22 (2)) മറുപടിയിൽ കോവിഡിന്റെ സാഹചര്യത്തിൽ വിവിധ ആവശ്യങ്ങൾക്കായി (സാമൂഹിക അടുക്കള,ഹോം ക്വാറന്റീൻ, സി.എഫ്.എൽ.സി സന്ദർശനം) വാഹനം ഉപയോഗിക്കേണ്ടി വന്നതിനാലാണ് അധികമായി തുക അനുവദിച്ചതെന്ന് അറിയിച്ചിട്ടുണ്ട്.

സുലേഖ ചെലവ് പത്രികയിൽ 87560/-രൂപയുടെ ചെലവ് (ചെക്ക് നം 2334997 /16.06.2020 44740/- രൂപ , ചെക്ക് നം 2150006 /07.07.2020 42820/- രൂപ) ഉൾപ്പെട്ടില്ല. സാങ്കേതിക കാരണങ്ങളാലാണ പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്തതെന്നു അറിയിച്ചിരിക്കുന്നു.

നിയമാനുസൃതമല്ലാതെ വാഹനത്തിനു അധികമായി ചെലവ് ചെയ്തിരിക്കുന്നത് ക്രമപ്രകാരമല്ല.ഭാവിയിൽ ഇത്തരം ചെലവുകൾ ചെയ്യേണ്ട സാഹചര്യത്തിൽ നിയമ പ്രകാരമാണോയെന്നു പരിശോധിച്ച് മാത്രം ചെലവ് ചെയ്യണം എന്ന് നിർദ്ദേശിക്കുന്നു. ഇതിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-20 വാഹനത്തിനായി വകയിരുത്തിനെക്കാളും തുക ചെലവഴിച്ചു

പ്രോജക്ട് നം. 238/2020-21

പദ്ധതിയുടെ പേര് പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ പുതിയ വാഹനം വാങ്ങൽ.

ബിൽ നം./തീയതി 52000250/21.07.2020

നനിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 850000 | 785600 |
| തനത്ഫണ്ട് | 50000 | 58500 |
| ആകെ | 900000 | 844100 |

മേൽ പദ്ധതിയിക്കായി 50000/- രൂപ തനത്ഫണ്ട് വകയിരുത്തുകയും 58500/- രൂപ ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. വാഹനത്തിന്റെ എക്സ്ട്രാ ഫിറ്റിംഗ്സിനായാണ് ഇത്രയും രൂപ ചെലവഴിച്ചിരിക്കുന്നത്. സ്ലീബാ ആന്റ് സൺസ് ഓട്ടോമേറ്റീവ് പ്രൈവറ്റ് ലിമിറ്റഡിനാണ് തുക നൽകിയിരിക്കുന്നത്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/22(3) നുള്ള മറുപടിയിൽ വാഹനത്തിന്റെ ടാക്സ് ഒടുക്കുന്നതിനു വേണ്ടിയാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്.എന്നാൽ ഫയൽ പ്രകാരം വാഹനത്തിന്റെ എക്സ്ട്രാ ഫിറ്റിംഗ്സിനായാണ് തുക ചെലവഴിച്ചിരിക്കുന്നത്.

പദ്ധതി വിഹിതത്തിൽ നിന്നും പ്രസ്തുത തുക റീക്കുപ്പ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ചെലവ് രേഖപ്പെടുത്തുവാൻ സാധിച്ചില്ല. ആയതിനാലാണ് അധിക തുക ചെലവായി തനതു ഫണ്ടിൽ രേഖപ്പെടുത്തിയതെന്നു അറിയിച്ചിരിക്കുന്നു.

ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കുവാൻ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 നാപ്കിൻ വെൻഡിംഗ് മെഷീൻ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

2018-19 വർഷം ഹെഡ്മാസ്റ്റർ നിർഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ നമ്പരും പേരും | 200 നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ |

| | |
|---|---|
| അടങ്കൽ തുക | 200000 വികസനഫണ്ട് |
| ചെലവു തുക | 197086 |
| ഇൻവോയിസ് നം. | 18-19/135 തീയതി 11-2-19 |

164304-രൂപയുടെ നാപ്കിൻ വെൻഡിംഗ് മെഷീനും 32782-രൂപയുടെ നാപ്കിനുകളുമാണ് വാങ്ങിയിട്ടുള്ളത്. HLL Lifecare Ltd.ൽ നിന്നും വാങ്ങിയ ഒരു നാപ്കിൻ വെൻഡിംഗ് മെഷീനും നാപ്കിനും ഗ്രാമപഞ്ചായത്ത് കൌൺസിൽ ഹാളിൽ സൂക്ഷിച്ചിട്ടുണ്ട്. നാപ്കിനുകളുടെ കവർ പരിശോധിച്ചതിൽ നിർമാണ തീയതി സെപ്റ്റംബർ/18, കാലഹരണ തീയതി ഓഗസ്റ്റ്/2021 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വെൻഡിംഗ് മെഷീൻ വാങ്ങൽ സംബന്ധിച്ച ഫയലും അനുബന്ധ രേഖകളും, നാളിതുവരെ സ്ഥാപിച്ച് പ്രവർത്തിപ്പിക്കാത്തതിനുള്ള കാരണവും ആവശ്യപ്പെട്ടു നല്കിയ അന്വേഷണക്കുറിപ്പിനു (23/28.05.2022) മറുപടി ലഭ്യമാക്കിയില്ല.

വെൻഡിംഗ് മെഷീൻ പ്രവർത്തനം ആരംഭിക്കാതിരുന്നതിനാൽ 32782/- രൂപയുടെ നാപ്കിൻ പാഴായിപ്പോയത് ഗുരുതരമായ വീഴ്ചയാണ്. നഷ്ട തുക ഉത്തരവാദിയിൽ നിന്ന് തിരികെ ഈടാക്കേണ്ടതും വെൻഡിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്.

## 1-22 സ്നേഹ സ്പർശം-അവശേഷിച്ച ബ്ലോക്ക് വിഹിതം തിരികെ അടയ്ക്കേണ്ടതാണ്.

2019-20 വർഷം 'സ്നേഹസ്പർശം' പദ്ധതിക്കായി ബ്ലോക്ക് വിഹിതമായി ലഭിച്ച 328875- രൂപയിൽ പദ്ധതി നടത്തിപ്പിനു ചെലവായ 262875-രൂപയുടെ ബാക്കി 66000-രൂപ തിരികെ അടയ്ക്കുന്നതിനുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ അപേക്ഷയിന്മേൽ പദ്ധതി പൂർത്തീകരണ ശേഷം അവശേഷിച്ച ബ്ലോക്ക് തുക തിരികെ ഒടുക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു (നം.4/21.04.2020). ആയതിന്റെ തുടർ നടപടി സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/31-05-22ന്) തുക തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക തിരികെ അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പദ്ധതി നം - 61/2021

അടങ്കൽ -297000/-(വികസന ഫണ്ട്-എസ്.സി.പി)

ചെലവ് -297000/-

നിർവഹണം - എച്ച്.എം

പദ്ധതിയുടെ നിർവഹണത്തിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. എസ്.സി.വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ എന്ന പദ്ധതിയിൽ ശ്രീകൃഷ്ണ ഏജൻസി ഗവ.എച്ച്.എസ്സ്.എസ്സ്.ജംഗ്ഷൻ ആറ്റിങ്ങൽ എന്ന സ്ഥാപനത്തിൽ നിന്നും മേശയും കസേരയും 90 എണ്ണം വീതം വാങ്ങിയിട്ടുണ്ട്. ജി.എസ്.ടി.ഒഴികെയുള്ള ആകെ ബിൽ തുക 251694/-രൂപയാണ്. ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം കരാറുകാർക്ക് തുക നൽകുമ്പോൾ (വ്യക്തികൾ 1%, സ്ഥാപനങ്ങൾ 2%)ആദായ നികുതി ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടെ 5034/-രൂപ ആദായനികുതിയിനത്തിൽ ടി.ഡി.എസ്സ് കിഴിവ് വരുത്തേണ്ടിയിരുന്നു. എന്നാൽ കിഴിവ് വരുത്താതെയാണ് തുക സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്.
2. സർക്കാർ ഉത്തരവ് (കൈ).നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 7.2.7 പ്രകാരം പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭിച്ച സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥൻ ഇത് ഉറപ്പ് വരുത്തിയിട്ടില്ല.
3. സർക്കാർ ഉത്തരവ് (കൈ).നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം ഗുണഭോക്താവിന്റെ വരുമാനം റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലോ നിർവഹണ ഉദ്യോഗസ്ഥൻ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലോ അംഗീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എല്ലാ ഗുണഭോക്താക്കളും വരുമാനം സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
4. ആവശ്യമായ വിവിധ രേഖകൾ ലഭ്യമാക്കാത്ത ഗുണഭോക്താക്കളെ സംബന്ധിക്കുന്ന വിവരങ്ങൾ.

| ഗുണഭോക്താവിന്റെ പേര് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|
| വൈഷ്ണവ്.ജെ | വരുമാന സർട്ടിഫിക്കറ്റ് |
| ദേവാനന്ദ്.ടി.എൽ | വരുമാന സർട്ടിഫിക്കറ്റ് |
| സജി.എസ്.എസ് | ജാതി സർട്ടിഫിക്കറ്റ് |
| വിപിൻ രാജ്.വി.ആർ | വരുമാന സർട്ടിഫിക്കറ്റ് |
| സുരഭി.ജി.എസ് | വരുമാന സർട്ടിഫിക്കറ്റ് |
| സൂര്യൻ.ആർ.എസ്സ് | വരുമാന സർട്ടിഫിക്കറ്റ് |
| അനന്തനാഥ്.എ | വരുമാന സർട്ടിഫിക്കറ്റ് |
| ആതിര.ആർ.എസ്സ് | വരുമാന സർട്ടിഫിക്കറ്റ് |
| അശ്വതി.എസ്.എം | ജാതി സർട്ടിഫിക്കറ്റ് |
| വിശാഖ്.വി. | അപേക്ഷ, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് |
| മാധുരി. | അപേക്ഷ, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് |
| സംഗീത.എസ് | അപേക്ഷ, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് |

പദ്ധതിയുടെ നിർവഹണത്തിൽ ഉണ്ടായ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി എൻക്വയറി.നം 26തീയതി: 30.05.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി അർഹതാ മാനദണ്ഡങ്ങൾ പാലിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും പദ്ധതി നടത്തിപ്പിന് ആവശ്യമായ രേഖകൾ വാങ്ങി അവരുടെ അർഹത ഉറപ്പാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളുടെ രൂപീകരണവും നിർവഹണവും- അവലോകനം

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നിർവഹണം നടത്തിയ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഏറ്റെടുത്ത പ്രോജക്റ്റുകൾ | 92 |
| നടപ്പിലാക്കിയ പ്രോജക്റ്റുകൾ | 83 |
| നടപ്പിലാക്കാത്തവ | 09 |
| ആകെ അടങ്കൽ | 35772226 |
| ആകെ ചെലവ് | 27052096 |
| ചെവല് ശതമാനം | 75.62 |

തൻവർഷം ഏറ്റെടുത്ത പ്രോജക്റ്റുകളിൽ 4 പുതിയ പദ്ധതികളും 5 സ്പിൽ ഓവർ പദ്ധതികളും നടപ്പിലാക്കിയില്ല. ആകെ 35772226- രൂപാ വകയിരുത്തിയതിൽ 27052096- രൂപയാണ് ചെലവഴിച്ചത്.

1. സ്റ്റാറ്റസ് റിപ്പോർട്ട്- പൊതുമരാമത്ത് മേഖലയിൽ കൂടുതൽ പ്രവർത്തനങ്ങൾ അനിവാര്യം

തദ്ദേശ സ്ഥാപനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളും ആസൂത്രണ സമിതിയും രൂപീകരിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ (ജി.ഒ-(എം.എസ്) നം 10/2017/ത സ്വഭവ തീയതി 9-2-2017) ഓരോ തദ്ദേശ സ്ഥാപനവും വിവിധ വികസന മേഖലകളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര ഗൗരവം പൊതുമരാത്ത് മേഖലയ്ക്ക് നല്കിയിട്ടില്ലാത്തതായി കാണുന്നു. സ്റ്റാറ്റസ് റിപ്പോർട്ടിലെ വിഷയ മേഖലകളിലൊന്നും തന്നെ വേണ്ടത്ര രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അതീവ ഗൗരവവും കൂടുതൽ ശ്രദ്ധ നൽകേണ്ടതുമായ മേഖലകൾ തരംതിരിച്ച് ഏറ്റെടുക്കേണ്ട പ്രവൃത്തികളെക്കുറിച്ചും അഭിമുഖീകരിക്കുന്ന വെല്ലുവിളികളും

അവയുടെ പരിഹാര മാർഗങ്ങളെയും ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2. വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല.

2020-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 30-01-2020ൽ പൊതുമരാമത്ത് / ഊർജം വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു യോഗം നടന്നു. 10 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. തീരുമാനങ്ങളൊന്നും തന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപീകരണത്തിന്റെ ആണിക്കല്ലായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ഇവിടെ നിഷ്ക്രിയമായിരിക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ ചർച്ച ചെയ്ത് ക്രോഡീകരിച്ചിട്ടില്ല. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻ വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിർദ്ദേശം പാലിച്ച കാണുന്നില്ല. സർക്കാർ ഉത്തരവ്(കൈ) നം 11/2018 ത.സ്വ.ഭ.വ തീയതി 29-01-2018 പ്രകാരമുള്ള ചുമതലകൾ വർക്കിംഗ് ഗ്രൂപ്പ് നിർവഹിക്കേണ്ടതാണ്.

3. സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങളും ശുപാർശകളും നടപ്പാക്കേണ്ടതുണ്ട്

വികസന കാര്യ സ്റ്റാൻറിംഗ് കമ്മിറ്റി 2020-21 ലെ മീറ്റിംഗ് 3/4/2020, 20/5/2020, 15 / 6/20,9/7/20, 24/7/20,24/8/20, 23/9/20, 9/10/20,6/1/21, 18/2/21, 26/3/21 എന്നീ തീയതികളിൽ ചേർന്നിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികളെക്കുറിച്ച് ശിപാർശകൾ നല്കിയിട്ടുണ്ടെങ്കിലും എല്ലാ നിർദ്ദേശങ്ങളും പദ്ധതികളായി രൂപപ്പെട്ടിട്ടില്ല.

പദ്ധതികളായി രൂപപ്പെടാത്ത നിർദ്ദേശങ്ങൾ

I)പേരുമല ചാവ റോഡ് റീടാറിംഗ്

Ii)മൂത്തിപ്പാറ റോസ് റീടാറിംഗ്

Iii)ആനക്കുഴി തെള്ളിച്ചാൽ റോഡ് റീടാറിംഗ്

Iv)ശാന്തിനഗർ നെടും കൈത റോഡ് റീടാറിംഗ്

V) ആലമുക്ക് കടുമാക്കുഴി റോഡ് റീടാറിംഗ്

Vi) വേങ്കമല മാങ്കുഴി റോഡ് റീടാറിംഗ്

Vii) ചേറാട്ടുകുഴി റോഡ് റീടാറിംഗ്

Viii)വാദ്ധ്യാരുകോണം റോഡ് റീടാറിംഗ്

Ix) നാഗരുകുഴി ഇരങ്ക് കോണം റോഡ് റീടാറിംഗ്

X) പാലാംകോണം പൊന്നമ്പി റോഡ് റീടാറിംഗ്

4. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതുണ്ട്

പദ്ധതി രൂപീകരണ മാർഗരേഖ ഖണ്ഡിക 13 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ ഓരോ പ്രോജക്റ്റിന്റെയും മോണിറ്ററിംഗ് നിർവഹിക്കേണ്ടതിനെക്കുറിച്ച് വ്യക്തമാക്കുന്നു. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും വ്യക്തമാക്കുന്നു. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഇത്തരത്തിൽ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി പ്രവർത്തിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 പ്രവൃത്തികളുടെ പൂർത്തീകരണത്തോടടുത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി - പൊതുമരാമത്ത് വകുപ്പ് മാന്വൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 (Go(p)13/2012/pwd/dtd 01.02.2012) സെക്ഷൻ 1601-1-6 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ജി.ഒ.(എം.എസ്)72/2017 ത,സ്വ.ഭ.വ തീയതി 29-03-2017 പ്രകാരം പ്രവൃത്തി പൂർത്തിയായതിനു ശേഷമോ നിർവഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായതിനു ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകുവാൻ പാടില്ലായെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ പറയുന്ന പ്രവൃത്തികൾക്ക് പൂർത്തീകരണത്തോടടുത്ത് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നു.

| | പദ്ധതിയുടെ പേര് | പദ്ധതി | പദ്ധതി റിവൈസ് |
|---|---|---|---|

| | | പൂർത്തീകരിച്ച തീയതി | ചെയ്യാനുള്ള ഭരണ സമിതി തീരുമാനം |
|---|---|---|---|
| 1. | പുല്ലമ്പാറ അംഗനവാടി റൂഫിംഗ് (പദ്ധതി നം 169/21) | 19.10.2020 | തീരുമാനം നം. 2/8 തീയതി.12.10.2020 |
| 2. | തേമ്പാമൂട് അംഗനവാടി അറ്റകുറ്റപ്പണികൾ | 19.10.2020 | തീരുമാനം നം 2/8 തീയതി.12.10.2020 |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ, പദ്ധതി രൂപീകരണ മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇത്തരം വിഷയങ്ങളിൽ പതിയേണ്ടതാണ്.

## 1-26 റോഡ് പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിക്കാതെ നിർവഹിക്കുന്നു

ഗ്രാമപഞ്ചായത്ത് നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ 50% ൽ അധികം പദ്ധതികളും റോഡ് പ്രവൃത്തികളാണ്. എന്നാൽ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ടാറിംഗ്, കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്നത്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ് )നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കുകയും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. റോഡ് വർക്കുകൾ കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നിർവഹിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (കൈ)നം11/2018 ത.സ്വ.ഭ.വ തീയതി.29.01.2018 ഖണ്ഡിക 7.13 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം ഇത്തരത്തിൽ ഒരു പദ്ധതിയും ഏറ്റെടുത്തിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം -3/2022 തീയതി: 23.05.2022.) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ഏറ്റെടുത്ത സ്പിൽ ഓവർപ്രോജക്കുകൾ പൂർത്തീകരിച്ചിട്ടില്ല.

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സുലേഖ പത്രിക പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു.

| പദ്ധതി നം | പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| 63/2021 | ആലുവിള-കടുമാൻകുഴി റോഡ് സെക്കന്റ് മെറ്റലിംഗും ടാറിംഗും സൈഡ് പ്രൊട്ടക്ഷൻ വാളും നിർമ്മാണം. | 700000/- | മെയിന്റനൻസ് റോഡ് |
| 68/2021 | വലിയപള്ളി-ഒറ്റതെങ്ങ് റോഡ് റീടാറിംഗ് | 465000/- | മെയിന്റനൻസ് റോഡ് |
| 69/2021 | പുതുവൽ റോഡ് റീടാറിംഗ് | 576000/- | മെയിന്റനൻസ് റോഡ് |

| പദ്ധതി നം | പേര് | അടങ്കൽ | ഫണ്ട് |
|---|---|---|---|
| | | | |
| 80/2021 | നാഗരുകുഴി-പനങ്ങോട് റോഡ് കോൺക്രീറ്റിംഗ് | 349258/- | സി.എഫ്.സി-2571/-<br>തനത് ഫണ്ട്-346687/- |
| 81/2021 | ചേപ്പിലോട്-ധൂളികുന്ന് കലുങ്ക് നിർമ്മാണം | 250000/- | ധനകാര്യകമ്മിഷൻ അവാർഡ്. |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് പദ്ധതി നം. 63/21, 69/21, 81/21 എന്നിവ തൻവർഷം പൂർത്തീകരിച്ചുവെങ്കിലും ഫണ്ട് ലഭ്യമല്ലാത്തതിനാൽ ചെലവഴിക്കാൻ സാധിച്ചില്ലായെന്നും പദ്ധതി നം. 68/21, 80/21 എന്നിവ ഉപേക്ഷിച്ചുവെന്നും മറുപടി ലഭ്യമാക്കി. സ്പിൽ ഓവർ പദ്ധതികളുടെ നിർവഹണം സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

## 1-28 മുത്തിപ്പാറ ഓട നിർമ്മാണം- എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ-

പദ്ധതി നം -235/2021

അടങ്കൽ -621000/-(മെയിന്റനൻസ് ഫണ്ട്-റോഡ്)

ചെലവ് -534685/-

നിർവഹണം -അസി.എഞ്ചിനീയർ

എം ബുക്ക് നം -235/2021

DSR 2016-Cost Index-37.93%-

ഓട നിർമ്മാണം പ്രവൃത്തികളിൽ എർത്ത് വർക്ക് ചെയ്തശേഷം ബേസ് ഭാഗത്ത് 10 സെന്റിമീറ്റർ കനത്തിൽ M10 ചെയ്യുകയും അതിന് മേൽ M15 ഉപയോഗിച്ച് സൈഡ് വാളുകൾ നിർമ്മിച്ചശേഷം M20 (Od) ഉപയോഗിച്ചുള്ള വെയറിംഗ് കോട്ടും M20 (MoRD-11.4.4) ഉപയോഗിച്ചുള്ള സ്ലാബ് നിർമ്മാണവും ആണ് നിർവഹിക്കേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ ഈ നിർദ്ദേശത്തിന് വിപരീതമായി ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതിനാൽ അധിക തുക എസ്റ്റിമേറ്റിൽ വകയിരുത്തുവാനും അതുവഴി കരാറുകാരന് അധിക ലാഭത്തിനും വഴിയുണ്ടായിട്ടുണ്ട്.

| ഇനം നം | പ്രവൃത്തി | ഉപയോഗിച്ച ഇനം,അളവ്,നിരക്ക്,ആകെ തുക | ഉപയോഗിക്കേണ്ടിയിരുന്ന ഇനം,അളവ്,നിരക്ക്,ആകെ തുക | എസ്റ്റിമേറ്റിൽ അധികം വകയിരുത്തിയ തുക |
|---|---|---|---|---|
| 2 | ഓടയുടെ ബേസ് കോൺക്രീറ്റ് | 6.750m3@7340.12/m3 =49545.81 (MoRD-11-4-1-1)M10 കോൺക്രീറ്റ് | 6.750m3@7057.79/m3= 47640.08(MoRD-Od)M10 കോൺക്രീറ്റ് | 1905.73 |
| 4 | ഓടകളുടെ സ്ലാബ് നിർമ്മാണം. | 10.125m3@8774.92/-$m^3$= 88846.07(MoRD-11-4-5)M25 കോൺക്രീറ്റ് | 10.125m3@8253.16$m^3$= 83563.24(MoRD-11-4-5)M20 കോൺക്രീറ്റ് | 5282.83 |

മേൽ പരാമർശിച്ച അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം 16/ 2022 തീയതി: 27.05.2022) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ശാസ്താം കരിക്കകംനട ഓട നിർമ്മാണം-പ്രവൃത്തി നിർവഹണത്തിൽ അധികച്ചെലവ്

പദ്ധതി നം -073/2021

അടങ്കൽ -200000/-(മെയിന്റനൻസ് ഫണ്ട്-റോഡ്)

ചെലവ് -199379/-

നിർവഹണം -അസി.എഞ്ചിനീയർ

എം ബുക്ക് നം -377/19-20

DSR 2016-Cost Index-37.93%-

ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗ്ഗനിർദ്ദേശ പ്രകാരം ഓട നിർമ്മാണം പ്രവൃത്തികളിൽ എർത്ത് വർക്ക് ചെയ്തശേഷം ബേസ് ഭാഗത്ത് 10 സെന്റിമീറ്റർ കനത്തിൽ M10 ചെയ്യുകയും അതിന് മേൽ M15 ഉപയോഗിച്ച് സൈഡ് വാളുകൾ നിർമ്മിച്ചശേഷം M20 ഉപയോഗിച്ചുള്ള വെയറിംഗ് കോട്ടുമാണ് ചെയ്യേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയിൽ ഈ നിർദ്ദേശത്തിന് വിപരീതമായി എർത്ത് വർക്ക് ചെയ്തശേഷം ബേസ് ഭാഗത്ത് 10 സെന്റിമീറ്റർ കനത്തിൽ M10 (OD) ചെയ്യുകയും അതിന് മേൽ വീണ്ടും MoRD ഇനം 11-4-1-1 പ്രകാരമുള്ള M10 കോൺക്രീറ്റ് 15 സെ.മീ കനത്തിൽ നിർവഹിച്ചിട്ടുണ്ട്. M20 ഉപയോഗിച്ചുള്ള വെയറിംഗ് കോട്ട് നിർവഹിച്ചിട്ടില്ല. പാലം, കലുങ്ക് എന്നിവയുടെ നിർമ്മാണത്തിൽ ഫൗണ്ടേഷന് ഉപയോഗിക്കുന്ന ഉയർന്ന സ്പെസിഫിക്കേഷനിലും നിരക്കിലുമുള്ള M10 കോൺക്രീറ്റ് പരമാവധി 65 സെന്റിമീറ്റർ സ്പാൻ മാത്രമുള്ള ഈ പ്രവൃത്തിയിൽ ഉപയോഗിച്ചതിന്റെ യുക്തി വ്യക്തമല്ല. വിവരം ചുവടെ ചേർക്കുന്നു.

M10 (11.4.1.1)

17x0.95x0.15=2.4225m$^3$ (ഇനം നം 3 .പേജ് നം 5)

തുക നൽകിയ വിവരം

2.4225m$^3$@7340.12/-=17781/-

പ്രസ്തുത പ്രവൃത്തി ഒഴിവാക്കി വെയറിംഗ്കോട്ട് നൽകിയിരുന്നുവെങ്കിൽ 17781/-രൂപയുടെ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 14/2022 തീയതി: 27.05.2022)മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ ഒഴിവാക്കി അധികച്ചെലവ് ഉണ്ടാകാത്ത രീതിയിൽ പ്രവൃത്തി നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് 2020-21 (B 4 Schedule ) | | | 1487474 | 3620113 | 3620113 | 1487474 |

| | | | | | |
|---|---|---|---|---|---|
| | ക്ഷീര സമൃതി (SO)(പ്രോ.നം 36) | -- | 390970 | 390970 | -- |
| | ക്ഷീര സമൃതി (പ്രോ.നം 30) | -- | 249893 | 249893 | -- |
| | സ്നേഹസ്പർശം (പ്രോ.നം 5) | -- | 315250 | 315250 | -- |
| | കേദാരം (പ്രോ.നം 190) | -- | 34000 | 34000 | -- |
| | ന്യൂ ലൈഫ് (ജനറൽ) (പ്രോ.നം 120) | -- | 840000 | 840000 | -- |
| | ലൈഫ് (എസ്.സി.പി) (പ്രോ.നം 262) | -- | 1760000 | 1760000 | -- |
| | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (പ്രോ.നം 6) | -- | 30000 | 30000 | -- |
| | ആകെ | -- | 3620113 | 3620113 | -- |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് 2020-21 (B 4 Schedule ) | | | 59622 | 1737770 | 1737770 | 59622 |
| | | ക്ഷീര സമൃതി (പ്രോ.നം 36) | -- | 62000 | 62000 | -- |
| | | ക്ഷീര സമൃതി (പ്രോ.നം 30) | -- | 80520 | 80520 | -- |
| | | സ്നേഹസ്പർശം (പ്രോ.നം 5) | -- | 315250 | 315250 | -- |
| | | ന്യൂ ലൈഫ് (ജനറൽ) (പ്രോ.നം 120) | -- | 1280000 | 1280000 | -- |
| | | ആകെ | -- | 1737770 | 1737770 | -- |

നീക്കിയിരിപ്പ് വിവരങ്ങൾ

| | 19-20 B4 പ്രകാരമുള്ള നീക്കിയിരിപ്പ് | 20-21 RP 7/31 പ്രകാരമുള്ള വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് | നീക്കിയിരിപ്പ് | 20-21 B4 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 59622 | 1737770 | 1797392 | 1737770 | 59622 | 59622 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1487474 | 3620113 | 5107587 | 3620113 | 1487474 | 1487474 |

## 4- 2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 224/21, അങ്കണവാടികൾക്ക് കടിവെള്ള കണക്ഷൻ നൽകൽ | 49800 | 0 | 49800 |
| കെ.എസ്.ഇ.ബി. | 24/20-21,പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ വിവിധ വൈദ്യുതി പോസ്റ്റുകൾ റോഡിന്റെ പാർശ്വഭാഗത്തേക്ക് മാറ്റി സ്ഥാപിക്കൽ | 175311 | 0 | 175311 |

| | 2019-20 B18 ഷെഡ്യൂൾ | 2020-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം |
|---|---|---|---|---|---|---|

| | പ്രകാരം മുന്നിരിപ്പ് | | | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 0 | 175311 | 175311 | 0 | 175311 | 0 |
| കേരള വാട്ടർ അതോറിറ്റി | 9549670 | 49800 | 9599470 | 0 | 9599470 | 9599470 |
| ഗ്രൗണ്ട് വാട്ടർ ഡിപാർട്ട്മെന്റ് | 354900 | 0 | 354900 | 0 | 354900 | 354900 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | വരവ് | ആകെ | തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| HUDCO | 66522402 | 7600000 | 74122402 | 5328310 | 68794092 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 3-2 | 8100 | സെക്രട്ടറി, KUCS,പുല്ലമ്പാറ | 120010102013/20.01.21 |
| 2018-19 | 3-2 | 5200 | സെക്രട്ടറി,KUCS, തെളിക്കച്ചാൽ ക്ഷീര സഹകരണ സംഘം | 120010101976/16.01.21 |
| ആകെ | | 13300 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | : 11119850.30 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 88838266 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 84495801 |
| നീക്കിയിരിപ്പ് | : 15462315.30 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 6000 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 6000 | ശ്രീ വിജയൻ.എം, അസിസ്റ്റന്റ് സെക്രട്ടറി |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വിജയൻ.എം | അസിസ്റ്റന്റ് സെക്രട്ടറി, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | ശ്രീ വിജയൻ.എം, തേവൻകോട് വീട്, പെരുംകുളർ പി.ഒ |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/875/2018 തീയതി 2.6.18 |

| | |
|---|---|
| 2010-11 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1293/2018 തീയതി 3.7.18 |
| 2011-12 | " |
| 2012-13 | " |
| 2013-14 | " |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/875/2018 തീയതി 2 .6.18 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജി.പി 10 2137/2018 തീയതി 19.12.2016 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1664/17 തീയതി 5.8.17 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/488/19തീയതി 11-4-19 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/1064/2020തീയതി 10/11/2020 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം ജി.പി 10/73/2022 തീയതി 04/03/2022 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

എസ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്